LIBRARY ARCHIVES Kerala Legislative Assembly

തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ 13 ഏക്കർ ഭൂമി, ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരുന്നുവെന്നും എന്നാൽ നിലവിൽ ഏറ്റെടുത്തിട്ടില്ലെന്നും സൂചിപ്പിച്ച് ഗ്രാമവാസികൾ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സമഗ്ര അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് നമ്പർ 40-ലെ 18.0540 ഹെക്ടർ സ്ഥലം കൊച്ചിൻ റിഫൈനറിയുടെ PDPP (Propylene Derivatives Petrochemical Project)-ക്കുവേണ്ടി ഏറ്റെടുക്കാൻ അർത്ഥന സമർപ്പിച്ചിരുന്നതും 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നതുമാണ്. അതേത്തുടർന്ന് 26-12-2013-ൽ DLPC മീറ്റിംഗിൽ ഭൂവുടമകളുമായി നടന്ന ചർച്ചയിൽ സ്ഥലവില നിശ്ചയിക്കുന്ന കാര്യത്തിൽ തീരുമാനമാകാത്തതിൽ പദ്ധതി ഉപേക്ഷിച്ചുവെന്നാണ് ഇപ്പോൾ കമ്പനി സർക്കാരിനെ അറിയിച്ചിട്ടുള്ളത്. നിലവിൽ മറ്റ് പ്രോജക്ടുകൾക്കായി Additional Land Acquisition ആവശ്യമില്ലെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. ഭൂമി ആവശ്യമുണ്ടെന്ന് കമ്പനി അറിയിക്കുന്നപക്ഷം ഭൂമിയേറ്റെടുത്ത് നൽകുന്നതിനാവശ്യമായ നടപടി സർക്കാരിന് സ്വീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേകമായ ഒരു യോഗം വിളിച്ച് എങ്ങനെയാണ് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയെന്ന് വകുപ്പ് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

(6) ആരാധനാലയങ്ങൾക്ക് പുതിയ വാട്ടർ മീറ്റർ

ശ്രീ. കെ. ജെ മാക്സി: സർ, കൊച്ചിയിലെ പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജമാ അത്തെ എന്നീ ആരാധനാലയങ്ങളിൽ വാട്ടർ അതോറിറ്റി നൽകിവരുന്ന വാട്ടർ ബിൽ തുക വളരെ ഭീമമാണ്. പട്ടാളം ജുമാ മസ്ജിദിന് 28,57,568 രൂപയും കുന്നുംപുറം ജമാ അത്തെയ്ക്ക് 15 ലക്ഷം രൂപയുമാണ് ബിൽ തുക വന്നിരിക്കുന്നത്. കൂടാതെ ചെർലായി, തിരുമല ദേവസ്വം തുടങ്ങി മറ്റ് നിരവധി ആരാധനാലയങ്ങൾക്ക് ഭീമമായ ബിൽ ആണ് വാട്ടർ അതോറിറ്റി നൽകിവരുന്നത്. 1985 വരെ കൊച്ചി നഗരസഭയിൽ കുടിവെള്ളം പൂർണ്ണമായും സൗജന്യമായി നൽകിയിരുന്നത് നഗരസഭയാണ്. ഈ ആരാധനാലയങ്ങളിൽ വാട്ടർ മീറ്റർ സ്ഥാപിക്കുകയോ വാട്ടർ ബിൽ നൽകുകയോ ചെയ്തിരുന്നില്ല. 36 വർഷത്തിനുശേഷമാണ് ഈയൊരു നടപടിയുമായി വാട്ടർ അതോറിറ്റി മുന്നോട്ടുപോകുന്നത്. ആരാധനാലയങ്ങളുടെ ഈ ബിൽ തുക പൂർണ്ണമായും ഒഴിവാക്കി പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കൊച്ചിയിലെ പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജമാ അത്തെ എന്നീ ആരാധനാലയങ്ങളിൽ വാട്ടർ മീറ്റർ ഇല്ലാത്തതുമൂലം ഉപയോഗിച്ചിട്ടില്ലാത്ത ശുദ്ധജലത്തിന് നൽകിയിട്ടുള്ള ഭീമമായ

LIBRARY ARCHIVES Kerala Legislative Assembly

ബിൽ തുക ഒഴിവാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്. പ്രസ്തുത ആരാധനാലയങ്ങളിൽ പുതിയ വാട്ടർ മീറ്റർ അടിയന്തരമായി സ്ഥാപിച്ച് ശുദ്ധജല വിതരണം ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൊച്ചി കോർപ്പറേഷൻ 1991-നുമുൻപ് മട്ടാഞ്ചേരിയിലുള്ള പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജുമാ അത്തെ എന്നീ ആരാധനാലയങ്ങളിൽ നൽകിയ കണക്ഷനുകളാണിവ. 1999-ൽ കോർപ്പറേഷൻ വാട്ടർ അതോറിറ്റിക്ക് എല്ലാ കണക്ഷനുകളും ലെഡ്ജർ ബുക്കുകൾ സഹിതം കൈമാറി. പ്രസ്തുത കണക്ഷനുകളിൽ യഥാക്രമം 4,690 രൂപയും 6,065 രൂപയും ആ കാലത്തുതന്നെ കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശിക പിരിക്കുന്നതിന്റെ ഭാഗമായി നടന്ന പരിശോധനയിൽ മേൽ കണക്ഷനുകൾക്ക് വാട്ടർ മീറ്റർ ഇല്ലെന്ന് കണ്ടെത്തുകയും തുടർന്ന് ഉപഭോക്താക്കളുടെ കുടിശ്ശികത്തുക അടയ്ക്കാനും വാട്ടർ മീറ്റർ സ്ഥാപിക്കാനും നേരിട്ടും രേഖാമൂലവും നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും ഈ കണക്ഷനുകൾ പൊതുടാപ്പുകളായി കോർപ്പറേഷൻ കൊടുത്തിട്ടുള്ളതാണെന്നും അതിനാലാണ് വാട്ടർ മീറ്റർ സ്ഥാപിക്കാത്തതെന്നും വാട്ടർ ചാർജ്ജ് അടയ്ക്കാത്ത തെന്നും അവർ അറിയിച്ചു. പരിശോധനയിൽ ഈ സ്ഥാപനങ്ങൾ മാത്രമാണ് ഈ കണക്ഷനുകളിൽ നിന്നും ജലം ഉപയോഗിക്കുന്നതെന്ന് മാത്രമല്ല, കണക്ഷനുകൾ പ്രസ്തുത സ്ഥാപനങ്ങളിലെ കോമ്പൗണ്ടിനുള്ളിൽത്തന്നെയാണ് സ്ഥിതി ചെയ്യുന്നതെന്നും കണ്ടെത്തി. ആയതിനാൽ പൊതുടാപ്പായി പരിഗണിക്കാൻ സാധിക്കുകയില്ല. പൊതുടാപ്പുകൾക്ക് വാട്ടർ അതോറിറ്റിയോ നേരത്തെ കോർപ്പറേഷനോ കൺസ്യൂമർ നമ്പർ അനുവദിച്ച് നൽകാറുമില്ല. എം.എൽ.എ. ഈ കാര്യത്തിൽ ഇടപെട്ടത് വളരെ സ്വാഗതാർഹമാണ്. വാട്ടർ മീറ്റർ ഘടിപ്പിച്ച് അതനുസരിച്ചുള്ള കാര്യങ്ങൾ ക്രമപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഇവിടെ സൂചിപ്പിച്ചതുപോലെ, നിലവിൽ പട്ടാളം ജുമാ മസ്ജിദിന് ലെഡ്ജർ പ്രകാരം 28,57,568 രൂപയും കുന്നുംപുറം ജുമാ അത്തെ ആരാധനാലയത്തിന് 15 ലക്ഷത്തിലധികം രൂപയും കുടിശ്ശികയുണ്ട്. നിലവിൽ ധാരാളം തുക വിവിധ ആരാധനാലയങ്ങളും സ്ഥാപനങ്ങളും മുഖാന്തരം വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുണ്ടെന്നുള്ളത് മുഖവിലയ്ക്കെടുക്കേണ്ടതായിട്ടുണ്ട്. ഈ വിഷയം പരിഹരിക്കണമെന്നു തന്നെയാണ് ഡിപ്പാർട്ടുമെന്റ് ആഗ്രഹിക്കുന്നത്. അവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി അപേക്ഷ നൽകുന്നതിനുള്ള സാവകാശം 15-30 ദിവസത്തിനകമായി നൽകാം. അതോടൊപ്പംതന്നെ മീറ്റർ ഘടിപ്പിച്ച് വാട്ടർ അതോറിറ്റിയെ അറിയിക്കണം. നിലവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി ഭീമമായ തുകയിൽ വലിയ തോതിൽ ഇളവുചെയ്ത് പ്രശ്നം പരിഹരിക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും. എം.എൽ.എ.-യുടെ നേതൃത്വപരമായ പങ്കാളിത്തത്തോടുകൂടി ഈ വിഷയം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.